# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5265** 15.11.2019 -ലെ മറുപടിയ്ക്ക്

**<u>പരീക്ഷ ക്രമക്കേടുകളിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഉള്ള പങ്ക്</u>**

*ചോദ്യം*

**ശ്രീമതി. ഷാനിമോൾ ഉസ്മാൻ**

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ്സിലെ പ്രതിയുടെ വീട്ടിൽ നിന്നും പരീക്ഷ എഴുതാനുപയോഗിക്കുന്ന ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയ സംഭവത്തിൽ യൂണിവേഴ്സിറ്റി തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് പ്രസ്തുത അന്വേഷണത്തിൽ വെളിവായതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്; സർവ്വകലാശാല പരീക്ഷ നടത്തിപ്പിനായി നൽകുന്ന അതീവ സുരക്ഷയോടെ സൂക്ഷിക്കേണ്ട ഉത്തരക്കടലാസുകൾ അശ്രദ്ധയോടെ കൈകാര്യം ചെയ്തതായും പരീക്ഷ മാന്വലിനു വിരുദ്ധമായി പ്രവർത്തിച്ചതായി കേരള സർവ്വകലാശാല നിയോഗിച്ച ഉപസമിതി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പരീക്ഷ ക്രമക്കേടുകളിൽ യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പങ്കുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) | കേരള സർവ്വകലാശാലയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ യൂണിവേഴ്സിറ്റി കോളേജിലെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം തേടിയിട്ടുണ്ട്. |
| (സി) | ഭാവിയിൽ യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷ കേന്ദ്രം അനുവദിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ? | (സി) | നിലവിൽ കേരള സർവ്വകലാശാല അത്തരത്തിലൊരു തീരുമാനം എടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ.